# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2293 — 19/07/2016 -ൽ മറുപടിയ്ക്ക്

## സേഫ് റ്റു ഈറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സേഫ് റ്റു ഈറ്റ് എന്ന പദ്ധതി എന്താണെന്ന് വിശദമാക്കാമോ; | എ) രാസവളങ്ങളുടേയും രാസകീടനാശിനികളുടേയും ഉപയോഗം ഒഴിവാക്കി പരമാവധി ജൈവകൃഷിമുറകൾ അനുവർത്തിച്ച് കൃഷി ചെയ്ത് ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന കൃഷിരീതിയാണ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാറിന്റെ ജൈവ കൃഷി വ്യാപനം സേഫ് റ്റു ഈറ്റ് എന്ന പദ്ധതി പ്രകാരം "ഓണ സമൃദ്ധി പദ്ധതി" വഴി എല്ലാ ജില്ലകളിലും നല്ല കൃഷി മുറകൾ പാലിച്ചു കൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 292 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.<br>കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാമ്പസിൽ പഴം പച്ചക്കറികളുടെ പരിശോധനയ്ക്ക് അത്യാധുനിക സൗകര്യങ്ങളും അന്താരാഷ്ട്ര തലത്തിലുള്ള അക്രഡിറ്റേഷനുമുള്ള സർക്കാർ നിയന്ത്രണത്തിലുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചു വരുന്നു. ടി ലബോറട്ടറിയിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും വിവിധ മാർക്കറ്റുകളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാഫലം പരസ്യപ്പെടുത്തിവരുന്നു. |

| | | | |
|---|---|---|---|
| ബി) | വിഷരഹിതമായ പച്ചക്കറി ഉപഭോക്താവിന്റെ കൈകളിലെത്തു-ന്നതിനു വേണ്ടി സ്വീകരിച്ചുവരുന്ന പദ്ധതികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ; | ബി) | 2016-17 സാമ്പത്തിക വർഷം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്റർ രൂപീകരിച്ച് ജൈവ കൃഷി വ്യാപനം, കർഷകരുടെ കൃഷിയിടങ്ങളിൽ ജൈവ വളം ഉല്പാദനം നല്ല കൃഷിമുറകൾ പാലിച്ച് (ജി.എ.പി) കൃഷി ചെയ്യുന്ന ക്ലസ്റ്ററുകളിൽ നിന്നും ജി.എ.പി സാക്ഷ്യ പത്രത്തോടു കൂടി സംഭരണവും, വിപണനവും എന്നീ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സുരക്ഷിത ഭക്ഷ്യ ഉല്പാദന പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് മുഖേന പഴം, പച്ചക്കറികളുടെ സാമ്പിളുകൾ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച് കീടനാശിനികളുടെ വിഷാംശത്തിന്റെ തോത് വെള്ളായണി കാർഷിക കോളേജ് ലാബിൽ പരിശോധിക്കുകയും റിപ്പോർട്ട് പരസ്യപ്പെടുത്തുകയും ചെയ്തു വരുന്നു. നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനു-മായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| സി) | ചെറുകിട കർഷകരിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുമോ; | സി) | ചെറുകിട കർഷകർ ഉൾപ്പെടുന്ന ക്ലസ്റ്ററുകളിൽ നിന്നും ഉല്പന്നങ്ങൾ ശേഖരിച്ച് വിവിധ പദ്ധതികൾ മുഖാന്തിരം സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള ഇക്കോഷോപ്പുകൾ മുഖേന വിപണനം നടത്തുന്നതാണ്. കൂടാതെ ചെറുകിട കർഷകരുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സ്വാശ്രയ കർഷക വിപണികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഗ്രോ ബസാറുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. ആദ്യപടിയായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ മൂന്ന് അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | വിഷരഹിത പച്ചക്കറി ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുമോ? | വിഷവിമുക്തമായ പച്ചക്കറികൾ പ്രോത്സാഹിപ്പിക്കുന്നതിനും, ലഭ്യമാക്കുന്നതിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ "ഹരിത നഗരി" എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ഈ രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്ന താണ്. |

S. [signature]

**സെക്ഷൻ ഓഫീസർ**